# Search-Rescue-Evacuation Team

# അന്വേഷണ–രക്ഷാപ്രവർത്തന–ഒഴിപ്പിക്കൽ ടീം

# Emergency Response Team..

- മുന്നറിയിപ്പ് ടീം
- അന്വേഷണ –രക്ഷാ പ്രവർത്തന ഒഴിപ്പിക്കൽ ടീം
- ക്യാമ്പ് മാനേജ്മെന്റ് ടീം
- പ്രഥമ ശുശ്രൂഷ ടീം



# അന്വേഷണ –രക്ഷാ പ്രവർത്തന ഒഴിപ്പിക്കൽ ടീം

ദുരന്തസമയത്ത്  പരിഭ്രാന്തി സൃഷ്ടിക്കാതെയും കാര്യക്ഷമമായും തന്മയത്വത്തോടെയും ആളുകളുടെ ജീവൻ അപകടത്തിൽ പെടാതെ,ദുരന്ത സ്ഥലത്തു നിന്ന് സുരക്ഷിത സ്ഥാനങ്ങളിലേക്ക്  ആളുകളെ മാറ്റുക എന്നതാണ് ഈ ടീമിന്റെ കടമ.

# ആർക്കൊക്കെ അംഗങ്ങൾ ആവാം

-സന്നദ്ധ പ്രവർത്തന മനോഭാവം  ഉള്ളവർ

-ദുരന്ത നിവാരണ  പ്രതിരോധ പ്രവർത്തനങ്ങളിൽ

മുൻപരിചയമോ അടിസ്ഥാന ധാരണയോ ഉള്ളവർ

-മൊബൈൽ ഫോണും , മൊബൈൽ

ആപ്ലിക്കേഷനുകളും ഉപയോഗിക്കാൻ കൃത്യമായി

ഉപയോഗിക്കാൻ അറിവുള്ളവർ



# ആർക്കൊക്കെ അംഗങ്ങൾ ആവാം



–അടിയന്തിര സാഹചര്യങ്ങളിൽ പെട്ടെന്ന് എത്തിച്ചേരാൻ വാഹനം കയ്യിലുള്ളവർ

–പ്രദേശത്തെ കുറിച്ച് പരമ്പരാഗതമായ അറിവുള്ളവർ, മുങ്ങൽ വിദഗ്ധർ, കായിക ശേഷിയുള്ളവർ

# കടമകളും ഉത്തരവാദിത്തങ്ങളും

# ദുരന്തത്തിന് മുൻപ്

- രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കിറ്റ് തയാറാക്കുക
- അവരവരുടെ  പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ അറിവ് ഉണ്ടാവണം
- പ്രദേശത്തെ ഒഴിപ്പിക്കുന്നതിനുള്ള  യാത്രമാർഗത്തെ പറ്റിയുള്ള കൃത്യമായ ധാരണ ഉണ്ടായിരിക്കണം
- ദുരിതാശ്വാസ ക്യാമ്പുകളുടെ സ്ഥലവിവരങ്ങളും  അറിഞ്ഞിരിക്കണം
- ദുർബല വിഭാഗങ്ങളെയും നിരാലംബരായ ആളുകളെയും ഉൾപ്പെടുത്തി പ്രത്യേക പട്ടിക/ റെസ്ക്യൂ പ്ലാൻ  തയ്യാറാക്കുക

- സാഹചര്യത്തിനനുയോജ്യമാകുന്ന തരത്തിലുള്ള റെസ്ക്യൂ വാഹനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക
- പ്രദേശത്തെ കന്നുകാലി-വളർത്തു മൃഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക. അവയെ സുരക്ഷിതമായി മാറ്റി പാർപ്പിക്കാനുള്ള സ്ഥലം കണ്ടെത്തുക
- മേല്പറഞ്ഞ വിവരങ്ങൾക്കായി തദ്ദേശ സ്ഥാപനത്തിലെ ദുരന്ത നിവാരണ പദ്ധതി പരിശോധിക്കുക
- പ്രത്യേക പരിഗണനന ലഭിക്കേണ്ട വിഭാഗങ്ങളുടെ പട്ടിക ദുരന്തനിവാരണ പദ്ധതി പട്ടിക2.4 ലഭ്യമാണ്. ഈ പട്ടിക കാലാകാലങ്ങളിൽ ആവശ്യാനുസൃതം അപ്ഡേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ വരുത്തണം.

- അതാത് ദുരന്തങ്ങൾക്ക് അനുസരിച്ച്  ഇതിൽ ആർക്കാണ് കൂടുതൽ പരിഗണന ലഭിക്കേണ്ടത് എന്ന് നിശ്ചയിക്കുക
- അതിഥിതൊഴിലാളികളുമായി ആശയവിനിമയം നടത്തുവാൻ അവരുടെ മാതൃഭാഷ അറിയാവുന്നവരുടെ സഹായം തേടുക. അല്ലെങ്കിൽ അത്തരത്തിൽ ഉള്ളവരെ കൂടി ടീമിൽ ഉൾപെടുത്തുക

# ദുരന്ത സമയത്ത്

- സ്ഥലപരിചയമുള്ളവർ കൂടെയുണ്ടെന്ന് ഉറപ്പ് വരുത്തുക
- കാണാതായ വ്യക്തികളുടെ രജിസ്റ്റർ സൂക്ഷിച്ച് ഓരോ രക്ഷാപ്രവർത്തനത്തിന് ശേഷവും അത് അപ്ഡേറ്റ് ചെയ്യുക
- പലായനം ചെയ്യുന്നതിന് മുൻപ് വിലപിടിപ്പുള്ള വസ്തുക്കളും സർട്ടിഫിക്കറ്റുകളും മറ്റും എടുക്കാൻ ആളുകളെ ഓർമ്മിപ്പിക്കുക/ സഹായിക്കുക

- രക്ഷപ്പെടുത്തിയ ആളുകളുടെ വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുക കന്നുകാലി വളർത്തു മൃഗങ്ങളുടെ സുരക്ഷാ ഉറപ്പ് വരുത്തുക
- മാറ്റിപാർപ്പിക്കുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ക്യാമ്പിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുക
- .പ്രത്യേക പരിഗണനന ലഭിക്കേണ്ട വിഭാഗങ്ങൾക്ക്  അവരുടെ പ്രത്യേക ആവശ്യത്തിനനുസരിച്ച് ഭക്ഷണം, മരുന്ന് മുതലായവ ഉറപ്പുവരുത്തുക.

# ദുരന്തത്തിന് ശേഷം

- ദുരന്തബാധിത പ്രദേശം  പൂർണ്ണമായി സന്ദർശിച്ച ഒറ്റപ്പെട്ടുപോയവരെയും പരിക്കേറ്റവരെയും സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് എത്തിച്ച വൈദ്യസഹായം അടിയന്തിരമായി ലഭ്യമാക്കുക
- റോഡുകളിൽ വീണു കിടക്കുന്ന മരങ്ങളും അവശിഷ്ടങ്ങളും നീക്കം ചെയ്ത് ആശയവിനിമയവും ഗതാഗതവും പുനഃസ്ഥാപിക്കുക
- കാണാതായ വ്യക്തികളുടെ രജിസ്റ്റർ സൂക്ഷിച്ച ഓരോ രക്ഷാപ്രവർത്തനത്തിന് ശേഷവും അത് അപ്ഡേറ്റ് ചെയ്യുക

- മാറ്റിപാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട എന്തൊക്കെ പ്രശ്നങ്ങൾ നേരിടേണ്ടിവരുമെന്ന് ആളുകൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി മോക്ക് ഡ്രിൽ നടത്തുക
- മറ്റ് ഗ്രൂപ്പുകളുമായി ചേർന്ന് അവരുടെ ചുമതലകൾ നടപ്പാക്കുന്നതിന് /പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക

# കോവിഡ് 19 പശ്ചാത്തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- രക്ഷാപ്രവർത്തനത്തിൻറെ സമയത്ത്‌ മാസ്ക്,, ബൂട്സ് എന്നിവ ധരിക്കുക
- ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച്  20 സെക്കൻഡ് നേരത്തേക്കെങ്കിലും കൈ കഴുകുക
- സോപ്പും വെള്ളവും  ഇല്ലാത്ത സാഹചര്യത്തിൽ  സാനിറ്റൈസർ ഉപയോഗിക്കുക
- കഴിവതും ശാരീരിക അകലം പാലിക്കാൻ ശ്രദ്ധിക്കുക.
- വണ്ടിയുടെ താക്കോൽ മൊബൈൽഫോൺ  മുതലായ സ്ഥിരം ഉപയോഗിക്കുന്ന വസ്തുക്കൾ വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.

- രക്ഷാപ്രവർത്തന സമയത്ത് കോവിഡ് രോഗിയുമായി സമ്പർക്കമുണ്ടാവുകയാണെങ്കിൽ സ്വന്തമായി ഐസൊലേഷനിൽ പോകേണ്ടതാണ്.
- കോവിഡ് ബാധിതർ,ഐസൊലേഷനിൽ ഉള്ളവർ,കോവിഡ് ബാധ ഇല്ലാത്തവർ എന്നിങ്ങനെ വേർതിരിച്ച് വിവരങ്ങൾ ശേഖരിക്കുകയും അതനുസരിച്ച തയ്യാറാക്കിയ ക്യാമ്പുകളിലേക്ക് എത്തിക്കാനും ശ്രദ്ധിക്കുക .

# മുൻഗണന ക്രമത്തിൽ കുടിയൊഴിപ്പിക്കുന്ന സാഹചര്യം

ദുരന്ത സാഹചര്യത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ട്. ഏതാണ്ട് 10 വിഭാഗങ്ങളെ ആണ് ഇതിനോടകം identify ചെയ്തിട്ടുള്ളത്.

1. വയോജനങ്ങൾ
2. സാന്ത്വന ചികിത്സയിൽ ഉള്ളവർ
3. അഗതികൾ
4. ആറു വയസ്സുവരെ പ്രായമുള്ള കുട്ടികൾ
5. ഭിന്നശേഷി വിഭാഗങ്ങൾ
6. പട്ടികജാതി ജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉള്ളവർ
7. അതിഥി തൊഴിലാളികൾ
8. കെയർ ഹോം അന്തേവാസികൾ
9. തനിയെ താമസിക്കുന്ന മുതിർന്ന വ്യക്തികൾ
10. ഗർഭിണികൾ

# അന്വേഷണ – രക്ഷാ പ്രവർത്തന – ഒഴിപ്പിക്കൽ ടീമിന്റെ കയ്യിൽ ഉണ്ടായിരിക്കേണ്ട ആവിശ്യ വസ്തുക്കൾ

- മാസ്ക്
- സാനിറ്റൈസർ/ സോപ്പ്
- ഗ്ലൗസ്, ബൂട്ട്
- ഹെഡ് ലാംപ് / ഗോഗ്ഗ്ലെസ്
- ഹെൽമെറ്റ്
- റെയിൻ കോട്ട്
- ലൈറ്റർ
- വിസിൽ
- കത്തി
- അപകട സാധ്യത അടയാളപ്പെടുത്താൻ ഉപയോഗിക്കാൻ പറ്റുന്ന റെഡ് റിബ്ബൺ
- കയർ
- ഫ്ലാഷ് ലൈറ്റ്/ ടോർച്ച്
- ടെസ്റ്റർ
- ഫസ്റ്റ് എയ്ഡ് ബോക്സ്
- വീൽ ചെയർ

- സ്ട്രെക്ച്ചർ
- ഡ്രോൺ
- മരം മുറിക്കാൻ ആവിശ്യമായ യന്ത്രങ്ങൾ
- ഫയർ എസ്റ്റിംഗിഷെർ
- life ബോട്ട്/ ചെറു വഞ്ചികൾ
- ജെസിബി / ആംബുലൻസ് പോലുള്ള വലിയ വാഹനങ്ങൾ